/111964/2023

## സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ:ചേതൻ കുമാർ മീണ.IAS )

ഉത്തരവ് നം. SJD/742/2021-E6

തിരുവനന്തപുരം,
തീയതി. 19-08-2023

---

വിഷയം: സമൂഹ്യനീതിവകുപ്പ്- ജീവനക്കാര്യം- എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന:സംഘടന - 31/12/2020 തീയതി പ്രാബല്യത്തിലുള്ള ഓഫീസ്അറ്റൻഡന്റ്/വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഭേദഗതി വരുത്തി ജീവനക്കാരെ ഉൾപ്പെടുത്തി- കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സ.ഉ (പി) നം. 10/2019/സാനീവ തീയതി 21/10/2019.
2. സ.ഉ (കൈ) നം. 37/2020/സാനീവ തീയതി 28/12/2020.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 04-05-2021 ലെ SJD/742/2021-E6 നടപടി ക്രമങ്ങൾ.
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 04-10-2021 ലെ SJD/742/2021-E6 നടപടി ക്രമങ്ങൾ
5. പ്രൊബേഷൻ ഓഫീസർ തിരുവനന്തപുരത്തിന്റെ 5/10/2021 തീയതിയിലെ DPO/T/250/2021-DPO നം. കത്ത്.
6. തവനൂർ ഗവ വൃദ്ധമന്ദിരം സൂപ്രണ്ടിന്റെ 8/10/2021-ലെ OAHM/49/2021 നം. കത്ത്.
7. പ്രൊബേഷൻ ഓഫീസർ ആറ്റിങ്ങലിന്റെ 11/10/2021 തീയതിയിലെ SJD/TVM/DPOA/5004/2021-DPO നം. കത്ത്.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുനസംഘടന പ്രകാരവും, പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ചും വനിതാ ശിശുവികസന വകുപ്പിൽ പുനർ വിന്യസിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി 31-12-2020 പ്രാബല്യത്തിലുള്ള ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ/വാച്ച് വുമൺ തസ്തികയിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിക്കുകയും ആക്ഷേപം ക്ഷണിക്കുകയും കാര്യാലയ മേധാവികളിൽ നിന്നും നിശ്ചിത തീയതിക്കുള്ളിൽ ലഭ്യമായ പരാതി/അപേക്ഷകൾ പരിശോധിച്ച് ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (4) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി.

പരാമർശം (4) പ്രകാരം പ്രസിദ്ധപ്പെടുത്തിയ അന്തിമ സീനിയോറിറ്റിലിസ്റ്റിൽ പേര് ഉൾപ്പെട്ടിട്ടില്ല എന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരായ ശ്രീ സുവർണ്ണകുമാർ.കെ, ശ്രീ.ശിബിൻലാൽ.കെ എന്നിവർ കാര്യാലയ മേധാവി മുഖേന പരാമർശം (5), (6) എന്നിവ പ്രകാരം ആക്ഷേപങ്ങൾ ഉന്നയിക്കുകയുണ്ടായി. പരാമർശം (7) പ്രകാരം ശ്രീ.റിനു.എ ടിയാളുടെ വിദ്യാഭ്യാസയോഗ്യത ഉൾപ്പെട്ടിട്ടില്ലായെന്ന ആക്ഷേപം ഉന്നയിക്കുകയുണ്ടായി.

പരാമർശം (5) പ്രകാരം ലഭ്യമായ കത്തും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ശ്രീ.സുവർണ്ണകുമാർ.കെയുടെ അഡ്വൈസ് സീനിയോറിറ്റി 23/12/2011 എന്ന് ബോധ്യപ്പെടുകയുണ്ടായി. ടിയാൻ പരാമർശം (4) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം. 31 രമ്യ കെ.ആർ.നും ക്രമ നം. 32 യശ്പാൽകപൂർ.ആർ.നും ഇടയിലായി **ക്രമ നം. 31 (A) ആയി ഉൾപ്പെടുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.** പരാമർശം (6) പ്രകാരം ലഭ്യമായ കത്തും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ശ്രീ.ശിബിൻലാൽ.കെയുടെ അഡ്വൈസ് സീനിയോറിറ്റി 5/12/2019 എന്ന്

ബോധ്യപ്പെടുകയുണ്ടായി ശ്രീ.ശിബിൻലാൽ.കെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനം.90 ശ്രീ.സനൽകുമാർ.ആർ.-നും. ക്രമനം.91 സഞ്ജു.പി.സോമൻ-നും ഇടയിലായി **ക്രമനം. 90 (A) ആയി ഉൾപ്പെടുത്തുവാൻ അർഹനാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.** പരാമർശം (7) പ്രകാരം ലഭ്യമായ ലഭ്യമായ കത്തും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ക്രമ നം. 96 ശ്രീ.റിനു.എ യുടെ **വിദ്യഭ്യാസ യോഗ്യത B.A. എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.**

ഈ സാഹചര്യത്തിൽ ശ്രീ.സുവർണ്ണകുമാർ.കെ, ശ്രീ.ശിബിൻലാൽ.കെ എന്നീ ജീവനക്കാരെ പി.എസ്.സി അഡ്വൈസ് അടിസ്ഥാനപ്പെടുത്തി അർഹതക്ക് വിധേയമായി പരാമർശം (4) ലെ അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ യഥാക്രമം ക്രമ നം. 31 (A), ക്രമ നം. 90 (A) എന്നീ സ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയും, ക്രമ നം. 96 ശ്രീ.റിനു.എ യുടെ വിദ്യഭ്യാസ യോഗ്യതയായി B A ബിരുദം ഉൾപ്പെടുത്തിയും ചുവടെ വിവരിയ്ക്കും വിധം പരാമർശം (4) ഉത്തരവ് ഭേദഗതി വരുത്തി കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 9 |
| 31 (എ) | ശ്രീ.സുവർണ്ണകുമാർ.കെ<br>ഓഫീസ് അറ്റൻഡന്റ്<br>665741 | 24/05/1972 | B.com | DOA | KIII(2)2623/06 Dt: 23/12/2011 of Dist.PSC,KTM E6-611/2010, Dt:21/01/2012 Director DSW, TVM | 02/02/2012 | |
| 90. (എ) | ശ്രീ.ശിബിൻലാൽ.കെ<br>ഓഫീസ് അറ്റൻഡന്റ്<br>പെൻ നം.883994 | 05/01/1997 | B Sc. | | MR2-1/11/2019-KPSC-DOMLPM (3) dt. 05-12-2019 SJD/100819/2019-E4 DT: 18/01/2020 | 29/01/2020 | |
| 96 | റിനു. എ<br>ഓഫീസ് അറ്റൻഡന്റ്<br>പെൻ നം.892045 | 03/11/1994 | BA. | | DTD(3)3752/17(1), Dt: 03/03/2020<br>SJD/100819/2019-E4 DT: 11/06/2020 | 17/06/2020 | . |

പരാമർശം (4) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഈ ഉത്തരവിൻമേൽ പരാതി/ ആക്ഷേപമുള്ള പക്ഷം ആയത് രേഖാമൂലം ഈ ഉത്തരവ് തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കാര്യാലയ മേധാവി മുഖേന ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതി/ ആക്ഷേപം പരിഗണിക്കുന്നതല്ല.

ചേതൻ കുമാർ മീണ.IAS

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

<u>ബന്ധപ്പെട്ട ജീവനക്കാർക്ക്</u>

<u>(കാര്യാലയ മേധാവി മുഖേന)</u>

<u>പകർപ്പ് :</u>

1. എല്ലാ കാര്യാലയ മേധാവികൾക്കും

2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ(വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)

3. ഇ4 സീറ്റ്

4. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്